# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 544 — 27/02/2018-ൽ മറുപടിക്ക്

### വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചാർജ്

| | ചോദ്യം<br><br>**ശ്രീ.മുഹമ്മദ് മുഹസിൻ പി** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മറ്റൊരു വ്യക്തിക്ക് വൈദ്യുതി ലഭിക്കുന്നതിനായി മതിയായ റോഡുകൾ ഇല്ലാത്ത സാഹചര്യത്തിൽ സ്വന്തം സ്ഥലത്തിലൂടെ വൈദ്യുതി ലൈൻ കടന്നു പോവാൻ വർഷങ്ങൾക്കു മുമ്പ് അനുമതി കൊടുത്തതാണെങ്കിലും പുതിയതായി നിർമ്മിച്ച റോഡുകളിലൂടെ ബുദ്ധിമുട്ടുകൾ ഒന്നുമില്ലാതെ ലൈൻ കൊണ്ടുപോകാം എന്നിരിക്കെ ഇത്തരം സ്ഥലങ്ങളിൽ വീടുകളും മറ്റും നിർമ്മിക്കേണ്ട ആവശ്യം വരുമ്പോൾ സ്ഥലമുടമ തന്നെ ഭീമമായ സംഖ്യ ബോർഡിനു അടക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമ പ്രകാരം ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ ചെലവ് അപേക്ഷകർ വഹിക്കേണ്ടതാണ്. പ്രസ്തുത ചെലവ് വഹിക്കാൻ ബോർഡിന് നിർവാഹമില്ല. |
| (ബി) | ഇത്തരത്തിൽ ലൈൻ മാറ്റി സ്ഥാപിക്കുന്നത് സർക്കാരിന്റെ ഉത്തരവാദിത്വമായി കണ്ടു വീടിനു പെർമിഷൻ ലഭിച്ചു കഴിഞ്ഞാൽ അത്തരം സ്ഥലങ്ങളിൽ നിന്ന് സർക്കാർ ചിലവിൽ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ